# പർദയെ ഇത്രമേൽ പുകഴ്ത്തണോ?

**സ്ത്രീശാക്തീകരണ** സംവാദത്തിലെ പർദ നിരൂപണത്തെക്കുറിച്ച് ഫൗസിയ ഷംസിന്റെ പ്രതികരണം സഹിഷ്ണുതാപരമായില്ല. സംവാദത്തിൽ പർദ കടന്നുവന്നപ്പോൾ കാപട്യത്തിന്റെ പുറംലേപനങ്ങളില്ലാതെ സ്വതന്ത്ര വീക്ഷണം അവതരിപ്പിച്ച മാന്യ സഹോദരികൾക്കും *പ്രബോധന*ത്തിനും അഭിനന്ദനങ്ങൾ. മുസ്‌ലിം പൊതു സമൂഹത്തോട് തുറന്നു പറയാൻ മടിക്കുന്ന കാര്യങ്ങൾ, ക്രിയാത്മകമായി ചിന്തിക്കുന്ന *പ്രബോധനം* വായനക്കാരോട് പങ്കുവെക്കുന്നത് അവർ സാമുദായിക വികാരങ്ങൾക്കപ്പുറം വിമർശനങ്ങളെ ഉൾക്കൊള്ളുമെന്നതു കൊണ്ടാണ്.

കേരളത്തിൽ പർദ ധരിക്കുന്നവരും അതനുഭവിക്കുന്ന ഇതര മതസ്ഥരും അടുത്തിടപഴകി ജീവിക്കുന്നവരാണ്. അടുത്തകാലം വരെ ഹൃദ്യമായ നിറങ്ങളിൽ മാന്യമായ വസ്ത്രം ധരിച്ചിരുന്ന സഹജീവികളുടെ 'സാത്താന്റെയും തിന്മയുടെയും പ്രതീകമായ കറുത്ത' പർദയിലേക്കുള്ള മാറ്റം അവർക്ക് വലിയ അളവിൽ ഉൾക്കൊള്ളാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. അതുകൊണ്ടാണ് തൊണ്ണൂറ് കഴിഞ്ഞ ഗൗരിയമ്മയുടെയും മധ്യവയസ്കരായ മറ്റു വിമർശകരുടെയും വരികളിൽ സമാനതകൾ കാണുന്നത്.

ആചാരങ്ങൾ അവ കൊണ്ടുനടക്കുന്നവർക്ക് പവിത്രമായിരിക്കുമെങ്കിലും മറ്റുള്ളവരും അതേ പവിത്രത ഉൾക്കൊള്ളണമെന്ന് വാശിപിടിക്കുന്നത് അൽപത്തമാണ്. മതത്തിന് തന്നെയും കാർക്കശ്യമില്ലാത്ത ആചാരങ്ങൾ ഇത്തരം ഒരു ബഹുസ്വര സമൂഹത്തിലേക്ക് ആനയിക്കുമ്പോൾ പൊതുസമൂഹത്തിന് അവ അരോചകമാണെങ്കിൽ മതസങ്കൽപങ്ങളാണ് വികൃതമാക്കപ്പെടുന്നത്. ഇസ്‌ലാമിക പ്രബോധകരെങ്കിലും ഇത്തരം വിഷയങ്ങൾ വിശകലന വിധേയമാക്കേണ്ടതുണ്ട്. വിമർശനങ്ങളോട് സഹിഷ്ണുതാ സമീപനം സ്വീകരിക്കുന്നതിന് പകരം മുതലാളിത്ത രാഷ്ട്രീയവും ഫാഷിസ്റ്റ് ചിന്തയും ആരോപിച്ച് പുറംതിരിഞ്ഞ് നിൽക്കുന്നത് ക്രിയാത്മക നിരൂപണങ്ങളെ നിരുത്സാഹപ്പെടുത്തലാണ്.

മൂർത്തമായ ചിന്തകൾ ഹൃദ്യമായി വിനിമയം ചെയ്യുന്നതിൽ പരാജയപ്പെടുമ്പോഴാണ് സംവാദം വികാരത്തിന്റെ ഭാഷയിലേക്ക് വഴിമാറുന്നത്.

പർദാ വിമർശനം മാന്യമായ വസ്ത്രധാരണത്തോടുള്ള വിരോധമോ, പർദ ധരിക്കുന്നവരോടോ അവരുടെ മതത്തോടോ ഉള്ള വിദ്വേഷമോ ആയി കാണേണ്ടതില്ല. വീട്ടിൽ നാം ഏറെ സ്നേഹിക്കുന്നവരുടെ വസ്ത്രവും വേഷവും അരോചകമായി അനുഭവപ്പെടുമ്പോൾ, അവരതിനെ അന്ധമായി ന്യായീകരിക്കുമ്പോൾ നമ്മുടെ പ്രതികരണത്തിന്റെ തീവ്രത കൂടുക സ്വാഭാവികമാണ്. ഇത് നാം അവരെ വെറുക്കുന്നതു കൊണ്ടല്ല, ധരിച്ച വസ്ത്രവും വേഷവും ഇഷ്ടപ്പെടാത്തതുകൊണ്ടാണ്. കന്യാസ്ത്രീ വേഷവും പർദയും ഒരുപോലെ അനുഭവിക്കാൻ കഴിയാത്തത് കന്യാസ്ത്രീ വേഷം പർദയേക്കാൾ ഹൃദ്യമാണെന്ന് മാത്രമല്ല, അവർ ക്രിസ്തുമത പ്രചാരണത്തിന്റെ മനശ്ശാസ്ത്രവും സങ്കേതങ്ങളും പഠിച്ച അഭ്യസ്ത വിദ്യരായതുകൊണ്ടുകൂടിയാണ്. പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തിന് കറുത്ത പർദ ബോധ്യമാകാത്ത പോലെ ഏറെ കാലം അറേബ്യൻ ഗൾഫ് സംസ്കാരങ്ങളുമായി ഇടപഴകി ജീവിച്ചവർക്ക് പർദ വിമർശനത്തിന്റെ പൊരുളും ബോധ്യമാകണമെന്നില്ല.

പർദയുടെ സ്വാധീനം കൂടുതലുള്ള കേരളത്തിലാണ് മതസൗഹാർദം കൂടുതലെന്ന ലേഖികയുടെ വാദവും അംഗീകരിക്കാൻ പ്രയാസമുണ്ട്. കാരണം മതസൗഹാർദമെന്നത് പർദ വ്യാപകമാവുന്നതിന് എത്രയോ മുമ്പുതന്നെ കേരളം കാത്തുസൂക്ഷിച്ച് പോരുന്നതാണ്. മുസ്‌ലിംകൾ പ്രത്യേക വേഷം ധരിക്കുന്ന ഉത്തരേന്ത്യൻ

സംസ്ഥാനങ്ങളിലാണ് കേരളത്തേക്കാൾ മതധ്രുവീകരണം നടക്കുന്നതെന്നും ബോധ്യമാകും.

ഇസ്‌ലാം ഏറെ തെറ്റിദ്ധരിക്കപ്പെടുന്ന വർത്തമാന സാഹചര്യത്തിൽ വേഷവും ഭാഷയുമൊക്കെ ഇതര മതസ്ഥരുമായി അടുത്തിടപഴകാൻ തടസ്സം സൃഷ്ടിക്കുന്നുവെങ്കിൽ ഹൃദ്യമായ, മാന്യമായ വസ്ത്രധാരണ രീതിയിലേക്ക് തന്നെയുള്ള തിരിച്ചുപോക്കിനെക്കുറിച്ച് ചിന്തിക്കുകയാണ് വേണ്ടത്.

പ്രശസ്ത ഇസ്‌ലാമിക പ്രബോധകൻ ഡോ. അനീസ് അഹ്മദുമായി *പ്രബോധനം* നടത്തിയ അഭിമുഖത്തിലെ വരികളുദ്ധരിക്കട്ടെ: "നാം നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തണം. നിഷേധാത്മക വശം മാത്രം ആലോചിച്ച് ആധികൊള്ളുന്നതിന് പകരം അതിന്റെ ക്രിയാത്മക വശത്തേക്ക് കണ്ണ് പായിക്കുക. ശുഭാപ്തി വിശ്വാസികളാവുക, ദോഷൈകദൃക്കുകളാവരുത്. പ്രത്യക്ഷത്തിൽ ഒരു വിഭാഗമാളുകൾ ഇസ്‌ലാമിനെതിരെ നീങ്ങുന്നു എന്ന് തോന്നിച്ചാൽ പോലും അതങ്ങനെ ആവണമെന്നില്ല."

**ജലീൽ പൊൻമുണ്ടം**

## ഭ്രാന്താലയമാകുന്ന വൃദ്ധസദനങ്ങൾ

**യു.കെയിൽ** ഒരു വൃദ്ധസദനത്തിൽ ജോലി ചെയ്യുന്ന നഴ്‌സാണ് ഞാൻ. 'വാർധക്യത്തിന്റെ നിലവിളികൾ' എന്ന റഹ്മാൻ മധുരക്കുഴിയുടെ ലേഖനമാണ് ഈ കത്തിനാധാരം. ഇവിടത്തെ അന്തേവാസികളുടെ ബന്ധുക്കളോടും ബ്രിട്ടീഷുകാരായ സഹപ്രവർത്തകരോടും സംസാരിക്കുമ്പോൾ അഭിമാനപൂർവം ഞാൻ പറയാറുണ്ട്, 'ഞങ്ങൾ മാതാപിതാക്കളെ കെയർ ഹോമുകളിൽ അയക്കാറില്ല, വീട്ടിലാണ് നോക്കുക'. പക്ഷേ, ചിലപ്പോൾ ഇത് എനിക്ക് തിരുത്തേണ്ടിയും വരും. എല്ലാ മാതാപിതാക്കളെയും മക്കൾ മാന്യമായ രീതിയിൽ പരിചരിക്കാറില്ല എന്നതാണ് ഖേദപൂർവമുള്ള തിരുത്തൽ.

കേരളത്തിൽ ഒരു കുഞ്ഞു പിറന്നാൽ മാതാപിതാക്കളുടെ മതപ്രകാരം കർമങ്ങൾ നടത്തുന്നു. നാലോ അഞ്ചോ വയസ്സാകുമ്പോൾ മതവിദ്യാഭ്യാസവും നൽകുന്നു. മക്കളെ സ്നേഹിച്ചു വളർത്തുന്നു. ഇക്കാര്യത്തിൽ നാം വളരെ സ്വാർഥരുമാണ്. എത്ര ബുദ്ധിമുട്ടുകൾ മാതാപിതാക്കൾ സഹിച്ചാലും മക്കളെ അവരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചു കൊടുത്ത്, കഷ്ടപ്പാടുകൾ അറിയാതെ വളർത്തുന്നു. മക്കളെ ആശ്രയിക്കേണ്ടി വരുമ്പോൾ മക്കളുടെ സ്വഭാവം മാറുന്നു. വയസ്സായ മാതാപിതാക്കൾക്ക് ആവശ്യത്തിനുള്ള ഭക്ഷണവും വസ്ത്രവും കൊടുക്കൽ മാത്രമായി അവരുടെ കടമ ചുരുങ്ങുന്നു. അവരോട് കയർത്തു സംസാരിക്കുക, മറ്റുള്ളവരുടെ മുമ്പിൽ താഴ്ത്തിക്കെട്ടുക, കളിയാക്കുക തുടങ്ങിയവ മക്കളുടെയും പേരക്കിടാങ്ങളുടെയും പതിവായി മാറുന്നു. ഈ മക്കൾക്ക് പകർന്നു നൽകിയ മതവിദ്യാഭ്യാസത്തിന്റെയും സഹനത്തിന്റെയും കരുണയുടെയും പാഠങ്ങൾ എവിടെയാണ് മറഞ്ഞുപോയത്? നമ്മുടെ സമൂഹത്തിൽ പഠനം പരീക്ഷക്ക് മാർക്ക് വാങ്ങാനുള്ള മാർഗം മാത്രമല്ലേ?

**മിസിസ് മൂസാൻ**
**യു.കെ**

## യുക്തിവാദികൾ സംഘ്പരിവാറിന്റെ മെഗാഫോണുകളോ?

**സമൂഹത്തിൽ** യുക്തിപ്രകാശം പ്രസരിപ്പിക്കേണ്ട യുക്തിവാദികൾ, വിഷം കലക്കി മീൻ പിടിക്കുന്നതിൽ വ്യാപൃതരായ കർണാടകയിലെ ഹിന്ദുത്വ പരീക്ഷണശാലയിൽനിന്ന് തൊടുത്തുവിടുന്ന പൊയ്‌വെടികൾ പൊട്ടിച്ചു നടക്കരുത്. ഫാഷിസ്റ്റുകളായ ഹിന്ദുത്വ പ്രഘോഷകർക്ക് പ്രചോദനം കൊടുക്കുന്നത് ഹിറ്റ്‌ലറുടെ നാസിസമാണ്. നാസിസം പ്രചരിപ്പിച്ചിരുന്നത് കള്ളപ്രചാരവേലകൾ അടിച്ചിറക്കുന്നതിൽ അതിനിപുണനായ

ഗീബൽസായിരുന്നല്ലോ. ആർ.എസ്.എസ് ഉണ്ടായതു മുതലേ ഗീബൽസിന്റെ വഴിയിലാണ് സഞ്ചരിക്കുന്നത്. ഓരോ കാലത്തും പൊട്ടിച്ചുവിടുന്ന അമിട്ടുകളുടെ പിറകിൽ ഓരോ ഉന്നമുണ്ടായിരിക്കുമെന്നു മാത്രം. മാലേഗാവിൽ ബോംബിട്ട ബ്രാഹ്മണഗണത്തെ –അഭിനവ് ഭാരത്– പിടിച്ചതോടെ ഇതുപോലെ 'മുസ്‌ലിം ഇമ്പാച്ചി' ഇളക്കിവിട്ട് ജനങ്ങളെ തമ്മിലടിപ്പിക്കുകയും യഥാർഥത്തിൽ അഹിന്ദുക്കളായ ദലിതരടക്കമുള്ള പിന്നാക്കക്കാരെ മുസ്‌ലിംകൾക്കെതിരെ തിരിച്ചുവിട്ട് ഹിന്ദുത്വവത്കരിക്കുകയുമാണ് ഇപ്പോഴത്തെ ഉന്നം. ഈ ലക്ഷ്യം നേടിയെടുക്കാനുള്ള പുതുപുത്തൻ ആയുധമായിരുന്നു 'ലൗ ജിഹാദ്.' ഇത് വേണ്ടിടത്തും വേണ്ടാത്തിടത്തും എടുത്തുപയോഗിച്ച് സംഘ്പരിവാറിന്റെ മെഗാഫോണുകളായി തീരുക മാത്രമല്ല, അവരുടെ ചട്ടുകം പോലെ വർത്തിക്കുകയുമാണ് യുക്തിവാദികൾ എന്നു തോന്നിപ്പോകും. കാരണം പൊയ്‌വെടിയുടെ ഉറവിടം യു. കലാനാഥനെപ്പോലുള്ളവർക്ക് അറിയാമെങ്കിലും അതിനെതിരെ ശബ്ദിക്കാതെ മുസ്‌ലിംകളുടെ മേലാണ് ഇക്കൂട്ടർ കുതിരകയറുന്നത്. 2009 നവംബറിലെ *യുക്തിരേഖ*യിൽ 'പ്രതിമാസരേഖകൾ' എന്ന കോളത്തിൽ 'ലൗ ജിഹാദികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണം' (പേജ് 8,9) എന്ന് രാജഗോപാൽ വാകത്താനവും, 'ലൗ ജിഹാദ് സംഘടനകളെ നിരോധിക്കണം' (പേജ് 21) എന്ന് കേരള യുക്തിവാദി സംഘവും, 'ലൗ ജിഹാദിനെ കുറിച്ച് സമഗ്രാന്വേഷണം വേണം' (പേജ് 41) എന്ന് സമ്മേളന ഫോട്ടോ സഹിതം കലാനാഥനും ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ യുക്തിവാദി സമ്മേളനങ്ങളിലും ഈ പരാമർശ പ്രളയം കാണാം. 2009 ഡിസംബറിലെ *യുക്തിരേഖ*യിലാകട്ടെ 'ലൗ ജിഹാദല്ല മിശ്രവിവാഹം' എന്ന് വീണ്ടും രാജഗോപാൽ വാകത്താനവും, 'ജിഹാദികളുടെ ലൗ' എന്ന് ലാൽ പൂക്കോട്ടൂരും (പേജ് 23–25) വിവരിക്കുന്നു. 2009 ഡിസംബറിലെ *യുക്തിരാജ്യ*ത്തിൽ ഭാരതീയ യുക്തിവാദി സംഘം കൊല്ലം ജില്ലാ പ്രസിഡന്റായ പി.ടി. വർഗീസ് 'ചതിയുടെ പ്രണയം' (പേജ് 11,12) വിരചിച്ചിരിക്കുന്നു. ഇതേ ലക്കത്തിൽ 19–ാം പേജിൽ 'ലൗ ജിഹാദ് ചർച്ചാ സമ്മേളനം' കൊടുത്തിരിക്കുന്നു. ഇതിലൊന്നു പോലും വിഷയത്തിലേക്ക് കടക്കുകയോ സത്യത്തോട് നീതി പുലർത്തുകയോ ചെയ്യുന്നില്ല. ഉറവിടം കാട്ടിക്കൊണ്ടുള്ള ഒരേയൊരു ലേഖനമെഴുതിയത് ശ്രീനി പട്ടത്താനം (പേജ് 8–10, *യുക്തിരാജ്യം*, ഡിസംബർ 2009) മാത്രം. എന്നാൽ ആദ്യം 'ലൗ ജിഹാദ്' റിപ്പോർട്ട് വന്ന കർണാടക പത്രങ്ങളുടെ പേരുകൾ അദ്ദേഹം മറച്ചുവെക്കേണ്ടിയിരുന്നില്ല. യുക്തിവാദം സ്വതന്ത്ര ചിന്തയായതുകൊണ്ട് ഏതു കാര്യത്തിലും പരിശോധനാ മനഃസ്ഥിതിയും തുറന്നതും സത്യസന്ധവുമായ സമീപനവുമല്ലേ വേണ്ടത്?

**ഗോപിനാഥ് മേപ്പയിൽ**

## കഥയറിയാതെ ആടുന്നവർ

**'കേരളത്തിലെ** സാമൂഹിക ബന്ധങ്ങളുടെ ചരിത്രവും വർത്തമാനവും' എന്ന കെ.ടി ഹുസൈന്റെ ലേഖനം (ലക്കം 32) അവസരോചിതമായി. കേരളത്തിൽ പതിറ്റാണ്ടുകളായി വിവിധ മതങ്ങളും സംസ്കാരങ്ങളും തമ്മിൽ നിലനിന്നുപോരുന്ന സൗഹൃദബന്ധങ്ങൾക്ക് രക്തബന്ധത്തിന്റെ തുടർച്ചയുണ്ടെന്ന് സമർഥിക്കുന്ന ലേഖനം പഠനാർഹമാണ്. സാക്ഷരതയും അതു മൂലമുണ്ടായ പൊതുബോധവും ഈ ബന്ധങ്ങൾക്ക് കരുത്തേകി. ഇതോടെ മത സാംസ്കാരിക സംഘടനകളുടെ ചടുലമായ പ്രവർത്തനവും മുസ്‌ലിംകളെ സഹിഷ്ണുതാപരമായ സഹവർത്തിത്വത്തിന് പ്രാപ്തരാക്കി. മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന മലപ്പുറം ജില്ലയിലേക്ക് ദുഷ്ട ലാക്കോടുകൂടി എയ്തുവിടുന്ന ശരങ്ങളത്രയും ഉന്നം പിഴക്കുന്നതിന്റെ കാരണവും അതുതന്നെ. ഒരു മുസ്‌ലിം രാഷ്ട്രീയ സംഘടനാ നേതാവിന്റെ സാന്നിധ്യമാണ് കേരളത്തിലെ മത സൗഹാർദാന്തരീക്ഷം നിലനിൽക്കാൻ കാരണമെന്ന് കണ്ടെത്തുന്നവർ കഥയറിയാതെ ആടുന്നവരാണ്. പരേതാത്മാവിനെ സംബന്ധിച്ച് നല്ലതേ പറയാവൂ എന്ന സാമാന്യ മര്യാദയോട് നീതിപുലർത്താനാണെങ്കിൽ പോലും വസ്തുതകൾക്ക് നേരെ കണ്ണടക്കുന്നത് ശരിയല്ല.

അബൂഫാസിൽ അൽകോബാർ

# കരുനാഗപ്പള്ളിയിലെ 'ശംസുൽ ഇസ്‌ലാം'

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പിൽ അബ്ദുർറഹ്മാൻ മങ്ങാടിന്റെ 'കേരളീയ മുസ്‌ലിം പത്രപ്രവർത്തന ചരിത്രം' എന്ന ലേഖനം ശ്രദ്ധേയമായി. ആധുനിക തലമുറക്ക് അജ്ഞാതമായ അറിവാണ് അദ്ദേഹം പകർന്നുനൽകിയത്.

ലേഖനത്തിലെ, '1924-ൽ കരുനാഗപ്പള്ളിയിൽനിന്ന് പ്രസിദ്ധീകരണം തുടങ്ങിയ മാസികയാണ് *ശംസുൽ ഇസ്‌ലാം*. മതപ്രചാരണമായിരുന്നു മുഖ്യ ലക്ഷ്യം. പത്രാധിപർ ബദ്‌റുദ്ദീൻ. പ്രസ്തുത മാസികയും കഷ്ടിച്ച് ഒരു വർഷം പൂർത്തിയാക്കി' എന്ന പരാമർശത്തെ അധികരിച്ചാണ് ഈ കുറിപ്പ്.

*ശംസുൽ ഇസ്‌ലാം* എന്ന മാസികയുടെ പത്രാധിപരായിരുന്ന ബദ്‌റുദ്ദീൻ എന്റെ ഉമ്മയുടെ സഹോദരനാണ്. ഉമ്മുമ്മയിൽനിന്നും പകർന്നുകിട്ടിയ ചിലഓർമകൾ ഇവിടെ പകർത്തുന്നു.

കരുനാഗപ്പള്ളിയിലെ ചിരപുരാതന കുടുംബമായ എഴിയിൽ തറവാട്ടിൽ (ഇന്ന് നിലവിലില്ല) ജനിച്ച അദ്ദേഹം ഒരു ബഹുഭാഷാ പണ്ഡിതനായിരുന്നു. അക്ഷരാഭ്യാസം നന്നേ കുറഞ്ഞ അന്നത്തെ സമൂഹത്തിൽ ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹത്തിന് സ്ഥാനം ലഭിച്ചിരുന്നു. തന്റെ കർമവീഥിയിൽ ലക്ഷ്യസാക്ഷാത്കാരത്തിനായി 'ശംസുൽ ഇസ്‌ലാം സംഘം' എന്നൊരു പ്രബോധക സംഘടനയും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. മതപണ്ഡിതനും പ്രഭാഷകനുമായിരുന്ന അദ്ദേഹം തന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി നന്നേ ക്ലേശിച്ചു. സ്വന്തം കിടപ്പാടം പോലും നഷ്ടപ്പെടുത്തേണ്ടതായും വന്നു. മക്കൾക്ക് കൊടുക്കാൻ ഒന്നും നീക്കിവെക്കാതെയാണ് മരണപ്പെട്ടത്.

**എച്ച്. സ്വലാഹുദ്ദീൻ**
**കരുനാഗപ്പള്ളി**

# പർദാഫോബിയ

**ഒറ്റയിരിപ്പിന്** വായിച്ചുതീർക്കാൻ മാത്രം ആകാംക്ഷയുണർത്തുന്നതായിരുന്നു *പ്രബോധനം* വനിതാ ശാക്തീകരണ സ്പെഷൽ പതിപ്പ്. ആമുഖ ലേഖനവും ജ. ഡി. ശ്രീദേവിയുമായുള്ള അഭിമുഖവും ഏറെ ഹൃദ്യവും പ്രസക്തവുമായി. സംവാദങ്ങളിലെ ഒരു പൊതുഘടകം പർദാ ഭീതിയാണെന്നു തോന്നുന്നു. ഇത്രകാലം കേരള സമൂഹത്തിൽ പൊതുരംഗത്ത് പ്രവർത്തിച്ചിട്ടും 'മുസ്‌ലിം നവോത്ഥാനങ്ങൾ സ്ത്രീകൾ കണ്ണു മാത്രം പുറത്തുകാണുന്ന രീതിയിൽ നടക്കണമെന്നാണോ വാദിക്കുന്നത്' എന്ന് സംശയിക്കുന്നു. ഏത് നവോത്ഥാന പ്രസ്ഥാനത്തെക്കുറിച്ചാണ് അവർ ഇങ്ങനെ സൂചിപ്പിച്ചത് എന്ന് മനസ്സിലാവുന്നില്ല. 'കന്യാസ്ത്രീകൾ ഇഹലോകം വെടിഞ്ഞ് ദൈവത്തിൽ മാത്രം മുഴുകി ജീവിക്കുന്നവരാ'യതുകൊണ്ട് 'അവരത് ധരിക്കുന്നതിൽ വിരോധമില്ലെ'ങ്കിൽ മുസ്‌ലിം സ്ത്രീകൾക്ക് ഇഹലോകവും ദൈവവും (പരലോകവും) സമന്വയിപ്പിക്കേണ്ടതുണ്ട് എന്നതുകൊണ്ടാണ് പർദയോ മറ്റേതെങ്കിലും ഇസ്‌ലാമിക വേഷമോ ധരിച്ചു പുറത്തിറങ്ങി പ്രവർത്തിക്കുന്നത് എന്നുകൂടി ബഹുമാന്യയായ സഖാവ് മനസ്സിലാക്കണമായിരുന്നു. 'പർദ ഇട്ടു നടക്കാൻ തന്നെ പ്രയാസമാണെന്നു തോന്നുന്നു' എന്നു സംശയിക്കുന്നുമുണ്ട് അവർ. അഞ്ചോ ആറോ ഞൊറികൾ തൂങ്ങിക്കിടക്കുന്നതും അഞ്ചുമീറ്റർ നീളവുമുള്ള സാരിയേക്കാൾ ധരിക്കാനും എളുപ്പം പർദ തന്നെയാണ്. ആരെങ്കിലും ഒന്ന് ചവിട്ടിപ്പോയാൽ കഴിഞ്ഞു സാരിയുടെ കഥ. ശ്രീമതി ഗൗരിയമ്മ പറയുംപോലെ 'പർദ കൊണ്ടുദ്ദേശിക്കുന്നത് സ്ത്രീകൾ എക്സ്പോസ് ചെയ്യാൻ പാടില്ല' എന്നല്ല മറിച്ച്, 'സ്ത്രീശരീരം എക്സ്പോസ് ചെയ്യാൻ പാടില്ല' എന്നാണെന്നും മനസ്സിലാക്കേണ്ടതുണ്ട്.

പർദ സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തേക്കാളേറെ സുരക്ഷിതത്വമാണ് നൽകുന്നത്. മാന്യ

മായി വസ്ത്രം ധരിച്ചാൽ തന്നെ ആരും ആക്രമിക്കില്ല എന്ന സുരക്ഷിതത്വബോധമാണ് അവൾക്ക് എവിടെയും ചലിക്കാൻ സ്വാതന്ത്ര്യം നൽകുന്നത്.

ഡോ. റോസി തമ്പിയുടെ ആശങ്ക, എന്തുകൊണ്ട് മുസ്‌ലിം പുരുഷന്മാർ മറ്റു സമൂഹത്തിലെ പുരുഷന്മാരിൽനിന്നും വ്യത്യസ്തരാകാത്ത പോലെ, മുസ്‌ലിം സ്ത്രീ മറ്റു സമൂഹത്തിലെ സ്ത്രീകളിൽനിന്നും വ്യത്യസ്തരാകാതിരിക്കാൻ ശ്രമിക്കുന്നില്ല എന്നതാണ്. ഇതര സമുദായങ്ങളിലെ (ഹിന്ദു/ക്രിസ്ത്യൻ) മലയാളി പുരുഷന്റെ വസ്ത്രം മലയാളി സ്ത്രീയുടേതുപോലെ ശരീര ഭാഗങ്ങൾ പുറത്ത് കാണിക്കുന്നതല്ല. അയഞ്ഞതും മറക്കുന്നതുമായ വസ്ത്രമായിരുന്നു മലയാളി സ്ത്രീയുടേതെങ്കിൽ മുസ്‌ലിം സ്ത്രീക്ക് തലകൂടി മറച്ചാൽ മതിയായിരുന്നു. പക്ഷേ, ശരീരത്തിന്റെ മിക്ക ഭാഗങ്ങളും മുഴച്ചോ തുറന്നോ നിഴലിച്ചോ കാണിക്കുന്ന വസ്ത്രമായതുകൊണ്ടാണ് പുറത്തിറങ്ങുമ്പോൾ അവൾക്ക് സാരിക്കു മേലെ പർദയും ധരിക്കേണ്ടിവരുന്നത്. ആ സാരി തന്നെ മറച്ചും അയച്ചും ധരിക്കാൻ ശ്രമിക്കുന്നവരും ഉണ്ട് മുസ്‌ലിംകളിൽ. വൃത്തിയായി തയ്ച്ചാൽ മാന്യമായി ധരിക്കാൻ കഴിയുന്ന ചുരിദാർ ഇട്ട് ഭംഗിയായി ശരീരം മറയ്ക്കുന്ന മുസ്‌ലിം പെൺകുട്ടികളും ഒരുപാടുണ്ട് കലാലയങ്ങളിൽ.

വസ്ത്രധാരണത്തിന്റെ കാര്യത്തിൽ എന്താണ് തങ്ങളുടെ വ്യക്തമായ അഭിപ്രായം എന്ന് വായനക്കാർക്ക് ബോധ്യമാവുന്ന തരത്തിൽ പ്രകടിപ്പിച്ചാൽ അത് ഒന്നുകൂടി എളുപ്പത്തിൽ മനസ്സിലാവുമായിരുന്നു. അടക്കാൻ കഴിയാത്ത പർദാ വിരോധവും രോഷവും കാരണം അവർക്ക് പർദാഫോബിയ ആണെന്ന് സംശയിച്ചുപോവും

**ആരിഫ നജ്മുസ്സമാൻ**
**അൽകോബാർ**

# ചുരുക്കെഴുത്ത്

**ജമാഅത്തെ** ഇസ്‌ലാമി കേരളാ വനിതാ സമ്മേളനത്തോടനുബന്ധിച്ച് *പ്രബോധനം* നടത്തിയ 'സ്ത്രീശാക്തീകരണം മുന്നേറ്റങ്ങളും പ്രതിസന്ധികളും' എന്ന സംവാദം (ലക്കം 31) വ്യത്യസ്ത അനുഭവമായി. പറയാനുള്ളത് ആർക്കും പറയാം, അതിനവസരം നൽകാം. തള്ളേണ്ടവർ തള്ളട്ടെ; കൊള്ളേണ്ടവർ കൊള്ളട്ടെ. ഇത് ഇസ്‌ലാമിക സംവാദത്തിന്റെ പ്രത്യേകതയാണ്. നിങ്ങൾക്ക് നിങ്ങളുടെ ദീൻ; എനിക്ക് എന്റെ ദീൻ, ദീനിൽ ബലപ്രയോഗമില്ല എന്നു തുടങ്ങിയ വിശുദ്ധ വാക്യങ്ങളാണ് അതിന്റെ പ്രചോദനം. പിന്നെന്തിന് സംവദിക്കാൻ ഇസ്‌ലാമിന്റെ വക്താക്കൾ മടിച്ചു നിൽക്കണം?

*പ്രബോധനം* ഈ സംവാദത്തിലെ ചില അഭിപ്രായങ്ങൾക്ക് മുഖക്കുറിപ്പിൽ മറുപടി നൽകിയത് ഒരു മുൻകൂർ ജാമ്യം പോലെയാണ് അനുഭവപ്പെട്ടത്. ഇതിനുള്ള മറുപടി വായനക്കാരിൽനിന്നുമായിരുന്നു വരേണ്ടിയിരുന്നത്.

**നസീർ പള്ളിക്കൽ**
**രിയാദ്**